**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5587** **13-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷിനാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri. A. K. Saseendran**<br>**(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | വന്യജീവി ആക്രമണം മൂലം കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് നൽകിവരുന്ന നഷ്ടപരിഹാര തുക കാലാനുസൃതമായി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; | (എ) | നിലവിൽ വന്യജീവിമൂലമുള്ള കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നത് 08.01.2015-ലെ സ.ഉ.(കൈ) നം. 02/2015/വനം പ്രകാരമാണ്. പ്രസ്തുത ഉത്തരവ് പുതുക്കുന്ന കാര്യം പരിഗണനയിൽ ഉണ്ട്. |
| (ബി) | പട്ടയം ലഭിക്കാത്ത കർഷകരുടെ കൈവശ ഭൂമിയിലെ കൃഷി നാശങ്ങൾക്കും നഷ്ടപരിഹാരം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ബി) | വന്യജീവികൾ മൂലമുള്ള കൃഷിനാശങ്ങൾക്കാണ് വനം വകുപ്പിൽ നിന്നും നഷ്ടപരിഹാരം അനുവദിച്ചു വരുന്നത്. പട്ടയം ഇല്ലാത്ത കൃഷിഭൂമികളിൽ സാധാരണ നിലയിൽ നഷ്ടപരിഹാരം അനുവദിച്ചു വരുന്നില്ല. |

സെക്ഷൻ ഓഫീസർ